"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭവനനിർമ്മാണ വകുപ്പ് - കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷന്റെ പ്രവർത്തനം പൂർണ്ണമായും അവസാനിപ്പിക്കുന്നതിനായി കമ്പനി strike off ചെയ്യുന്നതിനും, ശ്രീ. ഭരത് ഭൂഷൻ ഐ.എ.എസ് നെ കമ്പനി ഡയറക്ടർമാരുടെ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ജയശ്രീ. അസോസിയേറ്റ്സ് ചെലവഴിച്ചതുകയും, അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭവനനിർമ്മാണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.48/2025/HSG തീയതി,തിരുവനന്തപുരം, 28-10-2025

---

പരാമർശം:-
1. സ.ഉ.(സാധാ) നം.69/2021/ഭവനം, തീയതി 01.11.2021
2. സ.ഉ.(സാധാ) നം.18/2022/ഭവനം, തീയതി 11.03.2022
3. സ.ഉ.(സാധാ) നം.5/2024/HSG, തീയതി 22.01.2024
4. ഹൗസിംഗ് കമ്മീഷണറുടെ 01.08.2025 തീയതിയിലെ C/1015/2023/HC നമ്പർ കത്ത്.
5. സ.ഉ.(സാധാ) നം.8302/2025/ധന, തീയതി 17.10.2025

**ഉത്തരവ്**

കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷന്റെ 2013 - 2014 മുതൽ 2018 - 2019 വരെയുള്ള വാർഷിക കണക്കുകൾ തീർപ്പാക്കി പ്രവർത്തനം അവസാനിപ്പിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്നതിനു വേണ്ടി പരാമർശം (1) ഉത്തരവ് പ്രകാരം സർക്കാരുമായി ബന്ധപ്പെട്ട കമ്പനികളിൽ പ്രവൃത്തി പരിചയമുള്ള ജയശ്രീ ആൻഡ് അസോസിയേറ്റ്സിന് ചുമതല നൽകി ഉത്തരവായിരുന്നു.

2) 21.03.2022 തീയതിയിൽ KSHDFC - യുടെ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ടായിരുന്ന മുഴുവൻ തുകയും സർക്കാർ റെസ്യൂം ചെയ്യുകയുണ്ടായി.
കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷന്റെ പ്രവർത്തനം പൂർണ്ണമായും അവസാനിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കമ്പനി stike off ചെയ്യുന്നതിനായി 9,30,000/- രൂപയുടെ എസ്റ്റിമേറ്റ് ജയശ്രീ അസോസിയേറ്റ്സ് സമർപ്പിച്ചിട്ടുണ്ടെന്നും നടപടികൾ ആരംഭിക്കുന്നതിലെ കാലതാമസം കൂടുതൽ ബുദ്ധിമുട്ടുകളും ചെലവുകളും വരുത്തിവെയ്ക്കുമെന്നും ആയതിനാൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി 9,30,000/- രൂപയും, ശ്രീ. ഭരത് ഭൂഷൻ ഐ.എ.എസ് നെ കമ്പനി ഡയറക്ടർമാരുടെ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ജയശ്രീ അസോസിയേറ്റ്സ് ഇതിനോടകം ചെലവഴിച്ച 24,300/- രൂപയും ഉൾപ്പെടെ 9,54,300/- രൂപ അടിയന്തരമായി അനുവദിക്കണമെന്ന് പരാമർശം (4) പ്രകാരം ഹൗസിംഗ് കമ്മീഷണർ അഭ്യർത്ഥിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷന്റെ പ്രവർത്തനം പൂർണ്ണമായും അവസാനിപ്പിക്കുന്നതിനായി കമ്പനി strike off ചെയ്യുന്നതിന് 9,30,000/- രൂപയും, ശ്രീ. ഭരത് ഭൂഷൻ ഐ.എ.എസ് നെ കമ്പനി ഡയറക്ടർമാരുടെ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ജയശ്രീ. അസോസിയേറ്റ്സ് ചെലവഴിച്ച 24,300/- രൂപയും ചേർത്ത് 9,54,300/- രൂപ (ഒൻപത് ലക്ഷത്തി അമ്പത്തി നാലായിരത്തി മുന്നൂറ് രൂപ മാത്രം) 4216-80-190-97-00-00-00-P-V എന്ന ശീർഷകത്തിൽ പരാമർശം (5) പ്രകാരം അധിക ധനാനുമതിയായി വകയിരുത്തിയ 9,55,000/- രൂപയിൽ നിന്നും ചുവടെ പറയുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി റിലീസ് ചെയ്ത് ഉത്തരവാകുന്നു.

i) 16/04/2018 - ലെ സ.ഉ.(പി)നം. 62/2018/ധന പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി ടി തുക ട്രഷറിയിലെ PSTSB അക്കൗണ്ടിൽ മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ.

ii) 09/12/08 സർക്കുലർ നം.84/2008/ധന - ലെയും 30/01/2018-ലെ സർക്കുലർ നം. 08/2018/ധന-ലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

iii) അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020-ലെ സ.ഉ.(കൈ)നം.04/2020/ധന പ്രകാരമുള്ള ധന വിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് ധന വകുപ്പിന് സമർപ്പിക്കേണ്ടതാണ്.

iv) വർഷാവസാനം വിനിയോഗിക്കാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേക്ക് തിരികെ അടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് പ്രവീൺ
അഡിഷണൽ സെക്രട്ടറി

സ്പെഷ്യൽ ഓഫീസർ, കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ, തിരുവനന്തപുരം
ഹൗസിംഗ് കമ്മീഷണർ, തിരുവനന്തപുരം
സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ (പി.യു.സി) വകുപ്പ്
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Krishnakumar S
Date: 28-10-2025 15:20:54
സെക്ഷൻ ഓഫീസർ